LIBRARY ARCHIVES Kerala Legislative Assembly

സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കാൻ അനുമതി

9 (9) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് പ്രതിസന്ധിമൂലം സമാന്തര വിദ്യാഭ്യാസ മേഖല വലിയ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിൽ എൻടൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കുമോ?

ആരോഗ്യമേഖലയിലെ വിദഗ്ധരുൾപ്പെടുന്ന വിദഗ്ധ സമിതി ചെയർമാനെയും സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അംഗങ്ങളെയും ഉൾപ്പെടുത്തി മുഖ്യമന്ത്രി വിളിച്ചുചേർക്കുന്ന ക്രൈസിസ് മാനേജ്മെന്റ് മീറ്റിംഗിലാണ് കോവിഡ് വ്യാപനം നിയന്ത്രിക്കുന്നതിന് ഓരോ ഘട്ടത്തിലും ഏർപ്പെടുത്തേണ്ട നിയന്ത്രണങ്ങളും ഇളവുകളും സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുന്നത്. ആവശ്യമായ ഘട്ടങ്ങളിൽ നിയന്ത്രണം ബാധകമാക്കുകയും സ്ഥിതിഗതികൾ മെച്ചപ്പെടുന്നതനുസരിച്ച് ഇളവ് നൽകുകയും ചെയ്യുന്ന പ്രായോഗിക സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. സംസ്ഥാനത്തെ പ്രൊഫഷണൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും 4-10-2021 മുതൽ തുറന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സ്ഥതിഗതികൾ മെച്ചപ്പെടുന്നമുറയ്ക്ക് എൻടൻസ് കോച്ചിംഗ് സെന്ററുകൾ ഉൾപ്പെടെയുള്ള സമാന്തര വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറന്നുപ്രവർത്തിപ്പിക്കാൻ അനുമതി നൽകുന്നകാര്യം ക്രൈസിസ് മാനേജ്മെന്റ് ഗ്രൂപ്പ് മീറ്റിംഗിൽ ചർച്ച ചെയ്ത് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

കാലാവധി അവസാനിച്ച പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ

10 (10) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ആഗസ്റ്റിൽ കാലാവധി അവസാനിച്ച് റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഏതെല്ലാമെന്നും തസ്തികകളുടെ പേരും കാറ്റഗറി നമ്പരും സഹിതമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു*.

(ബി) 2021 ആഗസ്റ്റിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ട ഏതെല്ലാം തസ്തികകൾക്കാണ് പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ഇതിനകം ആരംഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതുസംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ലഭ്യമാക്കുമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു*.

(സി) ഈ കാലയളവിൽ റദ്ദായ പി.എസ്.സി. റാങ്ക് ലിസ്റ്റുകളിൽ ഏതെല്ലാം തസ്തികകൾക്കാണ് ഇനി പുതിയ വിജ്ഞാപനം പുറപ്പെടുവിച്ച് നിയമന നടപടികൾ ആരംഭിക്കാനുള്ളതെന്ന് പറയാമോ; വ്യക്തമായ വിവരം ലഭ്യാക്കുമോ?

ഓരോ വർഷവും ഒഴിവുകൾ പ്രതീക്ഷിക്കുന്ന തസ്തികകളിൽ മാത്രമാണ് റാങ്ക് ലിസ്റ്റിന്റെ കാലാവധിക്കുള്ളിൽ അല്ലെങ്കിൽ കാലാവധി അവസാനിച്ചയുടനെ പി.എസ്.സി. പുതിയ വിജ്ഞാപനം പുറപ്പെടുവിക്കാറുള്ളത്. മറ്റ് തസ്തികകളുടെ വിജ്ഞാപനങ്ങൾ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്ന അവസരങ്ങളിൽ മാത്രമാണ് പുറപ്പെടുവിച്ചുവരുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സ്പെഷ്യൽ റൂൾ ഭേദഗതി

11 (11) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി.-ക്ക് നിയമനങ്ങൾ വിട്ടുനൽകിയിട്ടും സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിലെ കാലതാമസം കാരണം ഏതെല്ലാം പൊതുമേഖലാ/ അർദ്ധസർക്കാർ/ബോർഡ്/കമ്പനി സ്ഥാപനങ്ങളിലെ നിയമനങ്ങളാണ് പി.എസ്.സി. മുഖേന ഇപ്പോഴും നികത്താൻ സാധിക്കാത്തതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങൾ ഏതെല്ലാം തീയതികളിലാണ് പി.എസ്.സി.-ക്ക് വിട്ടതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) സ്പെഷ്യൽ റൂൾ ഭേദഗതിക്ക് നിലവിൽ സ്വീകരിച്ചുവരുന്ന നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

പ്ലാനിംഗ് (ബിപിഇ) വകുപ്പിൽനിന്ന് പുറപ്പെടുവിച്ച 8-9-2010-ലെ 11870/BPE.1/10/Plg, 8-8-2014-ലെ 10557/BPE.1/2014/Plg, എന്നീ സർക്കുലറുകളിൽ പരാമർശിച്ചിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് പൊതുമേഖലാ സ്ഥാപനങ്ങളിലെ സ്പെഷ്യൽ റൂൾസ് രൂപീകരിക്കേണ്ടത്. (സർക്കുലറിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.)

(ഡി) സർക്കാർ പി.എസ്.സി.-ക്ക് വിട്ടുനൽകിയ നിയമനങ്ങളിൽ വർഷങ്ങൾക്കുശേഷവും സ്പെഷ്യൽ റൂൾ ഭേദഗതിക്ക് അനന്തമായ കാലതാമസമുണ്ടാകുന്നു

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly